## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വികുമാർ ഐ എ എസ് )

വിഷയം :- വനിത ശിശു വികസന വകുപ്പ്- "ORANGE THE WORLD CAMPAIGN " പരിപാടികൾ നടത്തുന്നതിന് തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു;

പരാമർശം:- സ ഉ (സാധാ) നം.408/2025/ വശി വി വ തിയതി 31..05.2025;

**ഉത്തരവ് നം: DWCD/1970/2025-WEC1 തിയ്യതി : 19-11-2025**

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിന് നവംബർ 25 (INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN) മുതൽ ഡിസംബർ 10 ( HUMAN RIGHTS DAY ) വരെ 16 ദിവസം നീണ്ടു നിൽക്കുന്ന പരിപാടികൾ "ORANGE THE WORLD CAMPAIGN " ന്റെ ഭാഗമായി ലോകമെമ്പാടും ആചരിച്ചുവരുന്നു. **Unite to End Digital Violence against All Women and Girls** എന്നതാണ് ഈ വർഷത്തെ തീം. ഈ വർഷവും ' Orange the World Campaign ' ന്റെ ഭാഗമായി 2025 നവംബർ 25- International Day for the Elimination of all kinds of violence against women , നവംബർ 26 - സ്ത്രീധന നിരോധന ദിനവും ഗാർഹിക പീഡന നിരോധന ദിനവും ഡിസംബർ 10 മനുഷ്യാവകാശദിനവും വിപുലമായി സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന് 2235-02-103-68-02-34-03 (P) ശീർഷകത്തിൽ നിന്നും 30,00,000/- രൂപ ചെലവഴിക്കുന്നതിന് പരാമർശ പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ഗാർഹിക പീഡനം, സ്ത്രീധന സമ്പ്രദായം, ബാല വിവാഹം, തുടങ്ങിയ ദുരാചാരങ്ങൾ എന്നിവ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്ത് സ്ത്രീകൾക്ക് സുരക്ഷ ഉറപ്പ് വരുത്തേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ടി വിഷയങ്ങളിൽ നവംബർ 25 മുതൽ ഡിസംബർ 10 വരെ നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളിലൂടെ പൊതുജന ശ്രദ്ധ കൊണ്ടുവന്ന് സമൂഹ മനോഭാവത്തിൽ മാറ്റം ഉണ്ടാക്കുന്നതിനും ആയതിലൂടെ ചൂഷണ രഹിത സമൂഹം സൃഷ്ടിക്കുക എന്നതുമാണ് ലക്ഷ്യമിടുന്നത്.

സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ തരത്തിലുള്ള അതിക്രമങ്ങളും ലിംഗ വിവേചനവും അവസാനിപ്പിക്കുന്നതിന് വേണ്ടി വിവിധ വകുപ്പ് ജില്ലാതല മേധാവികൾ, സ്കൂൾ , കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച് മേൽ വിവരിച്ച വിഷയങ്ങളിന്മേൽ 14 ജില്ലകളിലും വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ജില്ലാതല പരിപാടികള് സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു ജില്ലയ്ക്ക് 40,000/- രൂപ

വീതം 14 ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ആകെ 5,60,000/- രൂപ (അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

DHEW ജീവനക്കാർ POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act എന്നിവയും **End Digital Violence against All Women and Girls എന്ന തീം** സംബന്ധിച്ചും IEC Materials തയ്യാറാക്കേണ്ടതും നവംബർ 25 മുതൽ ഡിസംബർ 10 വരെ social media വഴി വ്യാപക പ്രചാരണം നടത്തേണ്ടതുമാണ്. ഈ വർഷത്തെ Orange the World Campaign ന്റെ ഭാഗമായി 2025 നവംബർ 25 മുതൽ ഡിസംബർ 10 വരെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ചുവടെ വിവരിക്കുന്ന പട്ടിക പ്രകാരം ജില്ലകളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

| ക്രമ നം | തീയതി | വിഷയം |
|---|---|---|
| | 25.11.2025 | ജില്ലാ കളക്ടറുടെ നേതൃത്വത്തില് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവരുടെ പങ്കാളിത്തത്തോടെ റാലി/ മാരത്തോൺ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർ / വിശിഷ്ടവ്യക്തികൾ റാലി മാരത്തോൺ ഫ്ലാഗ് ഓഫ് ചെയ്ത് orange the world Campaign പരിപാടിയുടെ ഉദ്ഘാടന ചടങ്ങ് നിർവ്വഹിക്കേണ്ടതാണ്. റാലി സംഘടിപ്പിക്കുന്ന വിവരം പോലീസ് അധികൃതരെ അറിയിക്കേണ്ടതാണ്.<br><br>ടി പരിപാടി സംഘടിപ്പിക്കുന്നതിലേയ്ക്കായി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാര്ക്ക് 5,000/- രൂപ അനുവദിക്കുന്നു.<br><br><u>ഏകദിന പരിശീലന പരിപാടി</u><br><br>ജില്ലയിലെ സർക്കാർ,അർദ്ധ സർക്കാർ, പൊതുമേഖല (PSU's,) സഹകരണ സ്ഥാപനങ്ങളിലെയും ഐ ടി സ്ഥാപനങ്ങളിലെയും ജീവനക്കാരെ (150പേരിൽ കുറയാതെ) പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act, Cyber Attack Against Women and Girls എന്നിവ സംബന്ധിച്ച് |

| | | |
|---|---|---|
| | | ഏകദിന പരിശീലന പരിപാടി നടത്തേണ്ടതാണ്.<br>ലഘു ഭക്ഷണം , ഉച്ച ഭക്ഷണം = 30,000<br>മറ്റ് ചെലവുകൾ = 1000<br>Resource Persons Honorarium = 4000<br>..........................<br>35, 000/- രൂപ<br>================<br>ആകെ 5000+ 35,000= 40,000/- രൂപ |
| | 26.11.2025 | • എല്ലാ ഓഫീസുകളിലും, സ്കൂളുകളിലും കോളേജുകളിലും സ്ത്രീ ധന നിരോധനം സംബന്ധിച്ച പ്രതിജ്ഞ എടുക്കേണ്ടതാണ്. (DWCD/1508/2022-WEC1 സർക്കുലർ)<br>• സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും സ്ത്രീധനം വാങ്ങുകയോ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല എന്ന സത്യവാങ്മൂലം, എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങേണ്ടതാണ് (ചീഫ് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറുടെ സർക്കുലർ NO.WEC-1/9752/2021 തിയ്യതി : 16.07.2021 )<br>• HEW ജീവനക്കാർ സ്ത്രീധന നിരോധന ദിനം സംബന്ധിച്ച് സന്ദേശങ്ങൾ, ഹെൽപ്പ് ലൈൻ നമ്പറുകൾ എന്നിവ പ്രചരിപ്പിക്കേണ്ടതും സോഷ്യൽ മീഡിയ വഴി വ്യാപക പ്രചരണം നടത്തേണ്ടതുമാണ്. |
| | 26.11.2025<br>- 30.11.2025/ | • WPO മാർ SPC, SH മുഖേന PWDV Act നെ കുറിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും കൂടാതെ ഓരോ SPC യും WPO മാരുടെ നേതൃത്വത്തിൽ ഐസിഡിഎസ് ഏരിയയിലെ പൊതുജനങ്ങൾക്ക് 4 സ്ഥലങ്ങളിലെങ്കിലും ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.<br>• WPO ഓഫീസുകൾ വഴിയും SPC കൾ വഴിയും |

| | | |
|---|---|---|
| | | DIR ഫയൽ ചെയ്ത കേസുകളിൽ മെയിന്റനനസ് ഓർഡർ ലഭിച്ചതിന്റെയുംഎന്നാൽ മെയിന്റനനസ് ഓഡർ പാലിക്കപ്പെടാതിരിക്കുകയും ചെയ്ത കേസുകളുടെ കഴിഞ്ഞ 8 വർഷത്തെ വിശദാംശങ്ങൾ ബന്ധപ്പെട്ട WPO മാർ നിശ്ചിത പ്രോഫോർമയിൽ ശേഖരിച്ച് ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്. (നിശ്ചിത പ്രൊഫോർമ WPO മാർക്ക് ലഭ്യമാക്കുന്നതാണ്) |
| | 27.11.2025 | എല്ലാ ഓഫീസുകളിലും, സ്കൂളുകളിലും ശൈശവ വിവാഹ നിരോധനം സംബന്ധിച്ച പ്രതിജ്ഞ എടുക്കേണ്ടതാണ്. ശൈശവ വിവാഹ നിരോധന ഓഫീസറുടെ പേര്, മേൽവിലാസം, ഫോൺനമ്പർ സഹിതം എല്ലാ സ്കൂളുകളിലും അങ്കണവാടികളിലും പ്രദർശിപ്പിക്കേണ്ടതാണ് . ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് പാരിതോഷികം നൽ കുന്ന പൊന് വാക്ക് പദ്ധതി സംബന്ധിച്ച് വ്യാപക പ്രചരണം എല്ലാ സ്കൂളുകളിലും അങ്കണവാടികളിലും നടത്തേണ്ടതാണ്. കൂടാതെ ശൈശവ വിവാഹം മുൻകൂട്ടി അറിയിക്കുന്നതിനായി നിലവിലെ മെയിൽ ഐ ഡി എല്ലാ സ്കൂളുകളിലും, അങ്കണവാടികളിലും പ്രദർശിപ്പിക്കേണ്ടതാണ്. |
| | 29.11.2025 | അങ്കണവാടി തലത്തില് ഓരോ അങ്കണവാടിയിലെയും വർണ്ണക്കൂട്ടിലെ (കൗമാര ക്ലബിലെ) അംഗങ്ങളെയും ,അമ്മമാരെയും ഉൾപ്പെടുത്തി DV Act ,Dowry Prohibition Act, Child Marriage Prohibition Act നെ സംബന്ധിച്ച് സ്കൂൾ കൗൺസിലർമാർ മുഖേന ബോധവത്ക്കരണ ക്ലാസുകള് നടത്തി കുട്ടികളെ കൊണ്ട് ടി വിഷയം സംബന്ധിച്ച് സ്കിറ്റ് അവതരിപ്പിക്കേണ്ടതാണ്. ആയതിന്റെ വീഡിയോ ക്ലിപ് CDPO മാർ DWCDO ലേയ്ക്ക് അയച്ച കൊടുക്കേണ്ടതും DWCDO മുഖേന SHEW ലേയ്ക്ക് (Google Drive വഴി) അയക്കേണ്ടതുമാണ് |
| | 01.12.2025 – 10.12.2025 | • ശിശു വികസന പദ്ധതി ഓഫീസർമാർ Internal committee രൂപീകരിക്കാത്ത അർദ്ധ |

| | | |
|---|---|---|
| | | സർക്കാർ, സംഘടിത/ അസംഘടിത മേഖലകൾ, PSU's, Shops & Establishments, Factories & Boilers, ഐ ടി മേഖല തുടങ്ങി പ്രൈവറ്റ് സെക്ടർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലിടങ്ങളും സന്ദർശിച്ച് Posh Compliance Portal -ൽ രജിസ്ട്രേഷൻ നടത്തിയെന്ന് ഉറപ്പ് വരുത്തേണ്ടതും ടി സ്ഥാപനങ്ങളിൽ IC രൂപീകരിച്ചിട്ടില്ലെങ്കിൽ സ്ഥാപന ഉടമയ്ക്ക് /മേലധികാരിക്ക് നോട്ടീസ് നൽകേണ്ടതുമാണ്<br>• ജില്ലാ വനിത ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, വനിത സംരക്ഷണ ഓഫീസർ , ശിശുവികസന പദ്ധതി ഒഫീസർമാർ, സൂപ്പർ വൈസർമ്മാർ എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ സിനിമ/സീരിയൽ ലോക്കേഷൻ സന്ദർശിക്കേണ്ടതും POSH Act IC രൂപീകരണം സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്ന ചെക്ക് ലിസ്റ്റിൽ വിവരങ്ങൾ രേഖപെടുത്തി ജില്ല വനിത ശിശു വികസന ഓഫീസർമാർ മുഖേന ഡിസംബർ 15 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ് |
| | 02.12.2025-6.12.2025 | സ്കൂള് കൌൺസിലർമാർ സ്കൂളുകളിൽ ശൈശവ വിവാഹം തടയുന്നതുമായി ബന്ധപ്പെട്ട് സ്കൂള് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും (upper primary classes മുതൽ) ബോധവത്ക്കരണ ക്ലാസുകൾ നടത്തേണ്ടതും ടി വിഷയവുമായി ബന്ധപെട്ട് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എല്ലാ ക്ലാസുകളിലും Poster campaign സംഘടിപ്പിക്കേണ്ടതതാണ് . ആയതിന്റെ Photos CDPO മാർ DWCDO ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതും DWCDO മുഖേന SHEW ലേയ്ക്ക് അയക്കേണ്ടതുമാണ്. |
| | 3.12.2025- 08.12.2025 | പ്രോഗാം ഓഫീസർ , ജില്ലാ ശിശു സംരക്ഷണ ഓഫീസർ NSS, NCC എന്നിവരുടെ സഹകരണത്തോടെ കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പൊതുയിടങ്ങളിൽ Child Marriage Prohibition, Dowry Prohibition എന്നീ വിഷയങ്ങളെ |

| | | |
|---|---|---|
| | | ആസ്പദമാക്കി സ്കിറ്റ് അവതരിപ്പിക്കേണ്ടതാണ്. |
| | 06.12.2025 | അങ്കണവാടി തലത്തില് ഓരോ അങ്കണവാടിയിലെയും വർണ്ണക്കൂട്ടിലെ (കൌമാര ക്ലബിലെ) അംഗങ്ങളെ ഉൾപ്പെടുത്തി Toxic Relation, Cyber Attack Against Women and Girls എന്നിവ സംബന്ധിച്ച് സ്കൂൾ കൌൺസിലർമാർ മുഖേന ബോധവത്ക്കരണ ക്ലാസുകള് നടത്തി കുട്ടികളെ കൊണ്ട് ടി വിഷയം സംബന്ധിച്ച് സ്കിറ്റ് അവതരിപ്പിക്കേണ്ടതാണ്. ആയതിന്റെ വീഡിയോ ക്ലിപ് CDPO മാർ DWCDO ലേയ്ക്ക് അയച്ചു കൊടുക്കേണ്ടതും DWCDO മുഖേന SHEW ലേയ്ക്ക് (Google Drive വഴി) അയക്കേണ്ടതുമാണ് |
| | 02.12.2025-10.12.2025 | DHEW ജീവനക്കാർ എല്ലാ കോളേജുകളിലും POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act , Toxic Relation , Cyber Attack Against Women and Girls എന്നിവയെ സംബന്ധിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ് . |

Orange the World Campaign ന്റെ ഉദ്ഘാടന പരിപാടി സംഘടിപ്പിക്കുന്നതിനും ടി ദിവസം ഉദ്യോഗസ്ഥർക്ക് പരിശീലനം നടത്തുന്നതിലേയ്ക്കുമായി ഓരോ ജില്ലയ്ക്കും 40,000/- രൂപ (നാൽപ്പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുന്നു. പരിപാടി നടത്തിപ്പിലെയ്ക്കായി നിശ്ചയിച്ച് നൽകിയിട്ടുള്ള തുക അവശേഷിക്കുന്ന പക്ഷം ആകെ അനുവദിച്ച തുകയിൽ അധികരിക്കാതെ orange the world campaign ന്റെ ഭാഗമായി മറ്റ് പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്

ജില്ലാതലത്തില് സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പത്ര-ദൃശ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നൽകേണ്ടതുമാണ്. DHEW മുഖേന 16 ദിവസങ്ങളിലും ബോധവത്ക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്. **പരിപാടികൾ സംഘടിപ്പിക്കുമ്പോൾ തദ്ദേശസ്വയംഭരണ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃക പെരുമാറ്റചട്ടം പാലിക്കേണ്ടതാണ്. ഇലക്ഷൻ ജോലികളെ ബാധിക്കാത്ത വിധത്തിലാവണം പരിപാടികൾ സംഘടിപ്പിക്കേണ്ടത് .**

ജില്ലാ തല പരിപാടികള് സംഘടിപ്പിക്കുന്നതിനായി ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 40,000/- |
| 2 | കൊല്ലം | 40,000/- |
| 3 | പത്തനംതിട്ട | 40,000/- |
| 4 | ആലപ്പുഴ | 40,000/- |
| 5 | കോട്ടയം | 40,000/- |
| 6 | ഇടുക്കി | 40,000/- |
| 7 | എറണാകുളം | 40,000/- |
| 8 | തൃശ്ശൂർ | 40,000/- |
| 9 | പാലക്കാട് | 40,000/- |
| 10 | മലപ്പുറം | 40,000/- |
| 11 | കോഴിക്കോട് | 40,000/- |
| 12 | വയനാട് | 40,000/- |
| 13 | കണ്ണൂർ | 40,000/- |
| 14 | കാസറഗോഡ് | 40,000/- |
| | **ആകെ** | 5,60,000/- (അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) |

ഇതിലേയ്ക്കാവശ്യമായ 5,60,000/- രൂപ (അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത തുക ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്. വിവിധ പരിപാടികൾ സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവരപട്ടികയും ധന വിനിയോഗ സാക്ഷ്യപത്രവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ 31.12.2025 നകം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്,അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിലേയ്ക്കായി)
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
4. എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
5. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

6 എല്ലാ സൂപ്പർവൈസർമാർക്കും( സിഡിപിഒ മുഖേന)

7 വെബ് സൈറ്റിൽ

8 സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

| | |
|---|---|
| അംഗങ്ങൾ : | |
| | മൊബൈൽ നം.<br><br>ഈമെയിൽ : |
| | മൊബൈൽ നം.<br><br>ഈമെയിൽ : |
| | മൊബൈൽ നം.<br><br>ഈമെയിൽ : |
| ഐ.സി വിവരങ്ങൾ എത്ര ഷൂട്ടിംഗ് ലൊക്കേഷനുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് | |
| ഐ.സി സംബന്ധിച്ച വിവരങ്ങളും ഐ.സിയുടെ നടപടിക്രമങ്ങളുടെ വിശദാംശങ്ങളും ഷൂട്ടിംഗുമായി സഹകരിക്കുന്നവർക്ക് നൽകിയിട്ടുണ്ടോ | |
| ഐ.സി ക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ | |
| സ്ത്രീകൾക്കും കുട്ടികൾക്കും ശുചി മുറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ? | |
| സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്ഞ്ചിംഗ് റൂംസ് , വിശ്രമ മുറികൾ ഒരുക്കിയിട്ടുണ്ടോ? | |
| സ്ത്രീകൾക്കും കുട്ടികൾക്കും ഗുണമേന്മ ഉറപ്പ് വരുത്തിയ ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ | |
| വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള പോഷ് പോർട്ടൽ സംബന്ധിച്ച അറിഞ്ഞിട്ടുണ്ടോ, ആയതിൽ ഐ.സി വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടുണ്ടോ | |
| സന്ദർശന ഉദ്യോഗസ്ഥരുടെ പേരും മേൽവിലാസവും | |
| സന്ദർശന തീയതി | |

## അനുബന്ധം

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരേയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ,പരിഹാരം) നിയമം 2013

### ലൊക്കേഷൻ സന്ദർശന ചെക്ക് ലിസ്റ്റ്

| | | |
|---|---|---|
| സീരിയലിന്റെ പേര് | | |
| ഷൂട്ടിംഗ് ലൊക്കേഷൻ | | |
| പ്രൊഡ്യൂസർ | | |
| സംവിധായകന്റെ പേര് | | |
| പ്രൊഡക്ഷൻ ബാനർ/ഏജൻസി | | |
| സംപ്രേഷണം ചെയ്യുന്ന ചാനൽ | | |
| പങ്കെടുക്കുന്ന ആർട്ടിസ്റ്റുകളുടെ എണ്ണം: | പുരുഷൻ : | സ്ത്രീ: |
| പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം | ആൺ : | പെൺ: |
| ടെക്ലനിക്കൽ സ്റ്റാഫ് എണ്ണം | പുരുഷൻ: | സ്ത്രീ: |
| നോൺ ടെക്നിക്കൽ സ്റ്റാഫ് എണ്ണം | പുരുഷൻ : | സ്ത്രീ : |
| ഷൂട്ടിംഗ് ആരംഭിച്ച തീയതി | | |
| പോഷ് ആകട് 2013 സെക്ഷൻ 4 പ്രകാരം ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ (ഐ.സി) | | |
| ഐ.സി രൂപീകരിച്ച തീയതി | | |
| ഐ.സി അംഗങ്ങളുടെ വിശദാംശങ്ങൾ | | |
| ചെയർമാൻ : | മൊബൈൽ നം.<br>ഈമെയിൽ : | |
| | | |

WEC-1

Azadi Ka Amrit Mahotsav

കേരള സർക്കാർ

നം. സിഡിഎൻ4/176/2022/പൊഭവ
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-11-2022

സർക്കുലർ

വിഷയം:- പൊഭവ-ORANGE THE WORLD CAMPAIGN"- "End violence against women now"ന്റെ ഭാഗമായി സ്ത്രീധന നിരോധന ദിനം- നവംബർ 26- പ്രതിജ്ഞ ചൊല്ലുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന:- വനിതാശിശുവികസന വകുപ്പിന്റെ WCD-B2/188/2022-WCD നമ്പർ ഫയൽ

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിനായി "ORANGE THE WORLD CAMPAIGN"- "End violence against women now"- ന്റെ ഭാഗമായി നവംബർ 25 (International Day for the elimination of violence against women) മുതൽ ഡിസംബർ 10 (Human Rights Day) വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വനിതാശിശു വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്ത്രീധന നിരോധന ദിനമായ 2022 നവംബർ 26ന് എല്ലാ സർക്കാർ ജീവനക്കാരും, സ്കൂൾ/കോളേജ് വിദ്യാർത്ഥികളും സ്ത്രീധന നിരോധന പ്രതിജ്ഞ ചൊല്ലുന്നത് ഉചിതമായിരിക്കുമെന്നതിനാൽ അന്നേദിവസം രാവിലെ 11 മണിയ്ക്ക് വനിതാശിശു വികസന വകുപ്പ് തയ്യാറാക്കിയിട്ടുള്ള പ്രതിജ്ഞ സർക്കാർ ജീവനക്കാർ ചൊല്ലുന്നതിനായി എല്ലാ വകുപ്പ് മേധാവികൾക്കും നിർദേശം നൽകുന്നതിന് വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ത്രീധന നിരോധന ദിനമായ 2022 നവംബർ 26ന് രാവിലെ 11 മണിയ്ക്ക് ഇതോടോപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രതിജ്ഞ എല്ലാ വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും അവരവരുടെ ഓഫീസുകളിലും കീഴിലുള്ള ഓഫീസുകളിലും ചൊല്ലുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും കൂടാതെ 2022 നവംബർ 26 സ്കൂളുകൾ/കോളേജുകൾ അവധിയാകുന്നപക്ഷം 2022 നവംബർ 25 ന് പ്രതിജ്ഞ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഉന്നതവിദ്യാഭ്യാസം/പൊതുവിദ്യാഭ്യാസം വകുപ്പുകൾ സ്വീകരിക്കേണ്ടതുമാണ്.

ആർ താരാ ദേവി
അഡിഷണൽ സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ് (പൊതുഭരണ വകുപ്പ് വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും

ഉത്തരവിൻ പ്രകാരം

Signed by Sreekumar T
Date: 24-11-2022 11:41:04

സെക്ഷൻ ഓഫീസർ.

**പ്രതിജ്ഞ**

**'സ്വാതന്ത്ര്യവും അവകാശവും കടമയും സ്ത്രീയും പുരുഷനും ഒരുപോലെയാണ്. സ്ത്രീധനം ആ സമത്വത്തെ തകർക്കുന്നു എന്നെനിയ്ക്ക് പൂർണ്ണ ബോധ്യമുണ്ട്. ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ല. എന്റെ ബന്ധുക്കളെയും കൂട്ടുകാരെയും നാട്ടുകാരെയും ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും. സ്ത്രീധനം കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിന് സമൂഹത്തോടൊപ്പം നിൽക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്നു".**

No. WEC-1/9752/21

Directorate of Women & Child Development
Poojappura, Thiruvananthapuram
Dated:16/07/2021
E-mail directorate.wcd@kerala.gov.in
Ph: 0471-2346534

## CIRCULAR

Sub: Women & Child Development –In exercise of the powers conferred by section 10 of the Dowry Prohibition Act, 1961 (No.28 of 1961). Kerala Dowry Prohibition (Amendment)Rules 2021.

As you are aware that giving or taking or abetting dowry is an offence under the Dowry Prohibition Act, 1961. As per definition 'dowry' means any property or valuable securities given or agreed to be given either directly or indirectly by one party to a marriage to the other party to the marriage or by the parents of either party to a marriage or by any other person to either party to the marriage or to any other person at or before any time after the marriage.

Giving or taking of dowry shall be punishable with imprisonment for term which shall not be less than five years and with fine which shall not be les than fifteen thousand rupees or amount of the value of such dowry whichever i more. Similarly demanding dowry shall be punishable. If any person demand any dowry directly or indirectly from the parents or other relatives or guardian of bride or bridegroom, he shall be punishable with imprisonment for a term whic shall not less than six months but which may extend to two years and with fin which may extend to ten thousand rupees.

GB

The State government by exercising the power conferred by section 10 of the Dowry Prohibition Act, 1961 made Kerala Dowry Prohibition Rules, 2004 and Kerala Dowry Prohibition (Amendment Rules) 2021. District Women and Child Development Officer of the Women and Child Development Department shall function as the District Dowry Prohibition Officer in every District by utilizing the service of the staff attached to that office.

As per Kerala Dowry Prohibition (Amendment) Rules, 2021 the Director of Women and Child Development Department shall act as Chief Dowry Prohibition Officer for administrating and co-ordinating the work relating to dowry prohibition throughout the State.

**SUB RULE (iv) OF RULE 7 OF THE KERALA DOWRY PROHIBITION RULES-2004 SAYS:**

(a) Every Govt. Servant shall after his marriage furnish a declaration stating that he has not taken any dowry to the Head of the Department. The declaration shall be signed by the wife, father and father-in-law .

(b) The specific day in a year is to be observed as Dowry Prohibition Day.

(c) Pledge is to be administrated to the students in the Schools and Colleges and other institutions not to give or take dowry.

In these circumstances, by exercising the powers vested under Kerala Dowry Prohibition (Amendment) Rules 2021, the following instructions are issued,-

1. November 26 th is to be observed as Dowry Prohibition Day in Kerala.
2. All the students in High Schools, Vocational Higher Secondary Schools, Higher Secondary Schools and Colleges (Technical and non-technical etc) and all other educational institutions in the State should take the pledge " not to give or take dowry" in general as-sembly in the respective institution on the Dowry Prohibition Day.

3. All the Heads of the Department including Public Sector Undertakings, autonomous body cultural and other institutions shall obtain a declaration from the Government Servant within one month after his marriage stating that he has not taken any dowry in connection with his marriage.(Annexure-I).

All the Heads of Department may acknowledge the receipt of the circular and furnish a report on declaration once in six months before 10th of April and October every year to the District Dowry Prohibition Officer (District Women and Child Development Officer) of concerned District. All the District Dowry Prohibition Officer shall submit a report of departments who do not furnish declaration before 15th of April & October . The reporting format for departments and districts are attached as Annexure II and III.

Chief Dowry Prohibition Officer & Director
Women and Child Development Department

Copy to

1. All District Collectors
2. All the Head of Departments
3. All District Women and Child Development Officers.

# Annexure I

## DECLARATION TO BE GIVEN BY THE MALE GOVERNMENT EMPLOYEE

**Rule 7 clause (iv) sub clause (a) of the Kerala Dowry Prohibition Rules.**

WHEREAS I was married on ..........................(Date of marriag

NOW therefore under clause (iv) sub clause (a) of Rule 7 of the Kerala Dow Prohibition Rules, 2004, I ..........................................................(Name a Designation , office of the employee) do hereby declare that I have not taken a dowry.

Signature

Place

Date

(Name, Designation and Office)

1. Signature of Father/Mother ..........
2. Signature of Spouse .....................
3. Signature of Father-in-law/Mother-in-law...........



Scanned with Oken Scanner

Annexure II

PROFORMA TO BE FILLED BY DISTRICT OFFICER TO DISTRICT DOWRY PROHIBITION OFFICER

Name of Department:

Period :April-September/October March Year

HALF YEARLY REPORT OF THE EMPLOYEES'S DECLARATION AS PER THE DOWRY PROHIBITION ACT 1961 Rule 7(a)

| Sl No. | Name of the office | No. of employess married during the period | No. of employees sumbitted the declaration |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

Signautre of District Head of the Department



Scanned with Oken Scan

Generated from eOffice by SUNIL T S, WEC1 DWCD, WEC1 DWCD, DWCD on 13/05/2024 11:40 AM

## മെയിന്റനൻസ് ഉത്തരവുമായി ബന്ധപ്പെട്ട വിവരശേഖരണം

### പരിപാലന ഉത്തരവ് (Maintanence Order)

| ക്രമ നം. | ജില്ല | ഉത്തരവ് ലഭിച്ച തീയതി | ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തുക ലഭിക്കുന്നുണ്ടോ | | ഇല്ല എങ്കിൽ എന്നു മുതലാണ് തുക ലഭിക്കാത്തത് | എത്ര ഗഡുക്കൾ ലഭിക്കാനുണ്ട് | ആകെ കിട്ടാനുള്ള തുക | തുക കിട്ടാനുള്ളവരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ടോ | | തുക കിട്ടാനുള്ളവരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടില്ലെങ്കിൽ കാരണം | മുടങ്ങിയ ഗഡു ലഭിക്കുന്നതിനായി പരാതിക്കാരി കോടതിയെ സമീപിച്ചിട്ടുണ്ടോ | | ഉണ്ട് എങ്കിൽ കോടതിയിൽ നിന്നും തുടർ ഉത്തരവ് ലഭിച്ചിട്ടുണ്ടോ | | ഉണ്ട് എങ്കിൽ ലഭിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ | തുടർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക ലഭിച്ചു തുടങ്ങിയിട്ടുണ്ടോ | | തുടർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടോ | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉണ്ട് | ഇല്ല | | | | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |

| അനുബന്ധം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ജില്ല | ഹർജിക്കാരിയുടെ പേരും മേൽ വിലാസവും | മെയിന്റനൻസ് ഉത്തരവ് തീയതി | മുടക്കം വന്ന തീയതി | മുടക്കം ഗഡുക്കളുടെ എണ്ണം | കിട്ടാനുള്ള ആകെ തുക | തുടർ കോടതി ഉത്തരവ് നേടിയിട്ടുണ്ടോ | തുടർ കോടതി ഉത്തരവിലൂടെ അനുവദിക്കപ്പെട്ട തുക | ആയത് ലഭിക്കുന്നുണ്ടോ | അഭിപ്രായം |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |